1. വീട്ടിലെ മുറികളുടെ ഉപയോഗങ്ങൾ നൽകിയിരിക്കുന്നു. മുറി ഏതെന്ന് കണ്ടെത്തി എഴുതൂ..

| ഉപയോഗം | മുറി |
|---|---|
| ഭക്ഷണം പാകം ചെയ്യാൻ | |
| ഭക്ഷണം കഴിക്കുന്ന ഇടം | |
| കുളിക്കാനും ശരീരം ശുചിയാക്കാനും | |
| ഉറങ്ങാനും വിശ്രമിക്കാനും | |
| സാധനങ്ങൾ സൂക്ഷിക്കാൻ | |

2. പൂവാലനണ്ണാൻ ഉണ്ടാക്കിയ കളിവീടിനെ കുറിച്ചുള്ള പാട്ട് കേൾക്കുകയും കാണുകയും ചെയ്യൂ..



പൂവാലനണ്ണാൻെറ കളിവീടിൻെറ ഓരോ ഭാഗവും എന്തെല്ലാം സാധനങ്ങൾ കൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്? എഴുതാം.

| | |
|---|---|
| തൂൺ | |
| തറ | |
| മേൽക്കൂര | |
| മുറ്റം | |
| വീടിനരികിലെ അരുവി | |

3. പൂവാലനണ്ണാന്റെ കളിവീടിന്റെ കഥ ക്രമപ്പെടുത്തി നോട്ടുപുസ്തകത്തിൽ എഴുതുക. കഥയ്ക്ക് ഒരു പേരും നൽകണം.







അത്തിമരച്ചുവട്ടിലെ
പൂവാലനണ്ണാൻ
ഒരു കളിവീട് ഉണ്ടാക്കി.
കുഞ്ഞുങ്ങൾക്ക് കളിക്കാനായി
മധുരമുള്ള ഒരു കളിവീട്.

കൽക്കണ്ടംകൊണ്ട് തറ.
ചക്കരകൊണ്ട് തൂണുകൾ.


തേനീച്ചകൾ വിരുന്നു വന്നു.
തേനീച്ചകൾ
തേനരുവി കുടിച്ചു വറ്റിച്ചു.




വീടിനരികെ
തേൻ കൊണ്ട് അരുവി.
തുള്ളിയൊഴുകുന്ന തേനരുവി.

കരിമ്പ് കൊണ്ട് മേൽക്കൂര.
കളിവീടിന്റെ മുറ്റത്ത്
പഞ്ചാര വിരിച്ചു.

ആനകൾ വിരുന്നു വന്നു.
മേൽക്കൂരയും
തൂണുകളും ആനകൾ തിന്നു.



പൂവാലനണ്ണാന്റെ
കളിവീട് കാണാതായി.
പൂവാലനണ്ണാനും
കുഞ്ഞുങ്ങളും ചോദിച്ചു.
" കൂട്ടുകാരേ,
ഞങ്ങളുടെ കളിവീട് എവിടെ?
ഞങ്ങളുടെ
മധുരമുള്ള കളിവീട് എവിടെ?



ഉറുമ്പുകൾ വിരുന്നു വന്നു.
തറയും മുറ്റത്തെ പഞ്ചാരയും
ഉറുമ്പുകൾ തിന്നു.

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

**4. പാഠപുസ്തകം പേജ് 29-30 ടീച്ചറുടെ വായന കേൾക്കാം. പുസ്തകത്തിൽ വിരലോടിച്ച് വായന ശ്രദ്ധിക്കൂ.. ശേഷം സ്വന്തമായി വായിച്ചു നോക്കൂ..**



## 5. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ ചെയ്യാം.

★ കുട്ടിപ്പുരയുടെ ചുറ്റുമുള്ള തൊടിയിൽ എന്തൊക്കെയാണുള്ളത്?

### ★ എന്തൊക്കെ ചായങ്ങൾ?

- വീടിന്റെ ഓരോ ഭാഗത്തും തേച്ചിരിക്കുന്ന ചായങ്ങൾ ഏതൊക്കെയെന്ന് എഴുതൂ.

മേൽപ്പുര - ചെഞ്ചായം (ചുവന്ന ചായം)
ചുവര് -
നിലം -
വാതിൽ -
.................. -

### ★ വേഷം എന്ത്?

| കഥാപാത്രം | വേഷം |
|---|---|
| തുന്നുന്ന മകൾ | ചുവന്ന സാരി, വെളുത്ത ജാക്കറ്റ് |
| വീണവായിക്കുന്ന മകൾ | |
| വായിക്കുന്ന മകൾ | |
| അമ്മ | |

### ★ വീടുനിർമിക്കാം

കടലാസുകൊണ്ട് വീട് നിർമിക്കുന്നത് കാണാം. ക്ലാസിൽ കണ്ടതുപോലെ വീടിന്റെ മാതൃക നിർമിച്ചു നോക്കൂ.

